# വരണ്ട നനവ്.

സ്വപ്നങ്ങൾ ഏതോ സുപ്രഭാതത്തിനു കാതോർത്ത നേരത്താണ് തലയണക്കുമേലെ കിടന്ന കുഞ്ഞ-സ്ക്രീനിലെ വെളുത്ത അക്ഷരത്തിന്റെ പ്രകാശം അയാളുടെ ഉറക്കത്തിൽ പ്രതിഫലിച്ചത്. ആലസ്യത്തിന്റെ പുതപ്പിൽനിന്നും വലിച്ച വിരലു-കൾകൊണ്ട് അതിലൊന്നു തൊട്ടതേയുള്ളൂ അനർഗ്ഗളമായ ഏതോ നദിയെ അനുസ്മരിപ്പിച്ച് വായ കീറാത്ത ഒരുപാട് വർത്തമാനങ്ങൾ ആ വിരലറ്റത്ത് മുട്ടിനിന്നു. പുറത്തുനിന്നും ഭീത ആരോടോ ഉറക്കെ സംസാരിക്കുന്നതു കേട്ടു,

"യ, വെ വിൽ ബി ദേർ സർ, യു ജസ്റ്റ് കോൾ മീ, യ, യ, ഇത് കമ്പനിയുടെ ഗ്രേറ്റ് അച്ചീവ്മെ-ന്റായിരിക്കും, എവർ, ഡീറ്റെയിൽസ് ഒന്നു വാട്സാ-പ്പ് ചെയ്താൽ മതി, ഒകെ".

ജീവിതം ആദ്യനാളുകളിൽ പകർന്ന കുളിരിന് — ഇപ്പോൾ മടുപ്പിന്റെ മനംപുരട്ടുന്ന ഗന്ധമാണെ-ന്ന് ഒരുനിമിഷം അയാളോർത്തു. ഐഫോണ്-കട്ടിലിലിരുന്ന് അയാൾ വന്ന സന്ദേശങ്ങൾക്കെല്ലാം മറുപടിയയച്ചു. ഗുഡ്മോർണിങ്, ഹാവ് എ ഗ്രേറ്റ് ഡേ,.... ഇൻബോക്സിൽ സേവ് ചെയ്തിരുന്ന വാചകങ്ങളെ അതേപോലെ അയാൾ ഫോർ-വേഡ് ചെയ്തു, വർഷങ്ങളുടെ ശീലമാണത്.

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

എഴുന്നേറ്റ് അടുത്ത മുറിയിൽ പോയപ്പോൾ മകൻ ഉറക്കമാണ്, ടി.വി തുറന്നുവച്ചിരിക്കുന്നു. കൈയ്യിലെ ടാബിൽ കാൻഡി ക്രഷ് നൂറ് ലെവലുകൾ കഴിഞ്ഞതിന്റെ സൂചന നൽകുന്നു. രണ്ടാം വയസ്സിൽ അവനു വാങ്ങികൊടുത്ത പതുപതുത്ത പഞ്ഞിപ്പാവ അയാളുടെ മനസ്സിൽ കുരുങ്ങികിടന്നു. അതിനോട് പറ്റിച്ചേർന്നു കിടക്കുമ്പോൾ അവന്റെ ചുണ്ടിൽ ഒരു പ്രത്യേക തിളക്കമുണ്ടായിരുന്നു. ഇന്നത് എവിടെപ്പോയോ, [illegible]?

കൈയ്യിലെ ഫോണിന്റെ കറുത്തസ്ക്രീനകത്തിൽ കൂർത്ത സമയത്തെ സൂചിപ്പിച്ചുകൊണ്ടിരുന്നു. സമയം അതിന്റെ എല്ലാ പരിധിയും വിട്ട് മുന്നോട്ട് പാഞ്ഞുകൊണ്ടിരിക്കുന്നു. മകന്റെ ഫോണിലേക്ക് ഇരുനൂറ് രൂപയുടെ ടാറ്റ സെന്റ് ചെയ്ത ശേഷം അയാൾ മെസ്സേജ് ടൈപ്പ് ചെയ്തു, "പപ്പാ വിൽ സീ യൂ സൂൺ, ഹാവ് എ നൈസ് ഡേ ചാം"

തിരക്കുപിടിച്ച വീഥിയിലൂടെ നീങ്ങുമ്പോൾ അയാൾ ഫോണിൽ സെർച്ച് ചെയ്തു, ട്രെയിൻ 20 മിനിട്ട് ലേറ്റാണ്, താങ്ക് ഗോഡ്. പിഞ്ഞിയ സീറ്റിലമർന്നപ്പോൾ

എന്നും കാണാറുള്ള മുഖം അന്ന് കാണാത്തതിൽ അയാളൊന്ന് അമ്പരന്നു. ഇന്നലെ ആ മുഖം തന്റെയടുത്ത് വന്നിരുന്ന് എന്തൊക്കെയോ പുലമ്പിയിരുന്നു. ഒട്ടൊരു അമർഷത്തോടെയാണ് താനയാളോടു പറഞ്ഞത്- "ഭായി, മേരെ പാസ് സമയ് നഹീ ഹേ". അപ്പുറത്തിരുന്നയാളാണ് പറഞ്ഞത് അയാൾ തന്റെ വിഷമം പറഞ്ഞ് പണം തരപ്പെടുമോന്ന് നോക്കുന്നതാണെന്ന്. ഇവിടെ മലയാളികൾക്ക് നൽകുന്നില്ല, പിന്നല്ലേ വലിഞ്ഞുകേറി

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

-3-

വന്നയാ ബംഗാളിക്. അയാൾ തന്നോടു തന്നെ എന്തിന് ചോദിച്ചെന്ന സംശയം അപ്പോഴേ മനസ്സിൽ നിലച്ചിരുന്നു. സ്ക്രീനിൽ പുതിയ വാർത്തകളും ചിത്രങ്ങളും നിറഞ്ഞുകൊണ്ടിരുന്നു. തലോടികൊണ്ടിരിക്കവെ ഒരുചിത്രത്തിന്റെ മുകളിൽ വിരലുകൾ വിറങ്ങലിച്ചു നിന്നു, ചോരമണക്കുന്ന ആ ചിത്രത്തിനുമേലെ വരികളിൽ നിറഞ്ഞിരുന്നത് നിസ്സംഗതയായിരുന്നു. "എക്സ്ക്ലൂസിവ് പിക്ചർ (200 കേരള സൂയിസൈഡ് പോയിന്റ്" (ഫസ്റ്റ് പിക്ചർ (200 സ്പോട്ട്)

തന്റെ ഉള്ളിൽ വല്ലാത്ത ഭാരം നിറയുന്നതായി അയാൾക്കു തോന്നി. ഒരുവേള അയാളുടെ അവസാന അത്താണിയായിരുന്നോ താൻ?.

ട്രെയിൻ തന്റെ കിതക്കുന്ന ചക്രങ്ങൾ പാളങ്ങൾക്കുമേലെ ചലിപ്പിച്ചപ്പോൾ അയാൾ തിരക്കിൽ പുറത്തേക്കിറങ്ങി. തന്റെ ചുറ്റും ഒരു വരണ്ട മണ്ണ് രൂപപ്പെടുന്നതായി തോന്നി. അത് തന്റെ വേരുകളെ വലിച്ചു മുറുക്കിയിരിക്കുന്നു-

"റാം, നീ ഇന്നലെ ലേറ്റാണ്, പറഞ്ഞ പിക്ചർ ഇന്ന് കവർ ചെയ്യാൻ പറ്റുമെന്ന് തോന്നുന്നില്ല. യൂ മസ്റ്റ്- ബി റെസ്പോൺസിബിൾ മാൻ,....."

തന്റെ ഹെഡ്സെറ്റിൽ നിന്നും ഒരു നിമിഷത്തേക്ക് കാതുകളെ മോചിപ്പിച്ച് തനിക്കുനേരെ ഇനിയെന്തെന്ന ചോദ്യമെറിയുന്നതിന് മുൻപേ അയാൾ കേറിപ്പറഞ്ഞു

"അതു വിടണ്ട്, ഇപ്പോൾ കണ്ട ടെക്സ്റ്റാണ്, ഒരു സ്നാപ്പ് ഷൂട്ട് കോമ്പറ്റീഷൻ, നമ്മുടെ പിക്ചറുമായി ബന്ധപ്പെട്ടതിനാൽ, രണ്ടും കൂടി നോക്കാം. ജയിക്കുന്നതല്ലേ ഒരു മത്സരത്തിന്റേയും ലക്ഷ്യം". വി ജസ്റ്റ് ഗെറ്റ്"...

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

മഴയാണ് വിഷയം ഒരു കോമൺ ബോറിങ്ങ് സബ്ജക്ട്. എനി വേ, ലെറ്റ്സ് ട്രൈ."

"ഇപ്പഴെവിടെയാ മഴ? തേർഡ് ക്ലാസ് സബ്ജക്ട്?" അതുവരെ താൻ പറഞ്ഞുകൊണ്ടിരുന്നത് ആ ചെവികൾ കേട്ടിരുന്നത് അയാൾക്ക് അത്ഭുതകരമായി തോന്നി.

വെബ്ബിൽ സൈറ്റിലേക്കു ചുരുക്കപ്പെട്ടപ്പോഴാണ് സ്ക്രീനിൽ ഒരു കുഞ്ഞു ചിത്രം പ്രത്യക്ഷപ്പെട്ടത്. അയാളറിയാതെതന്നെ വിരലുകൾ അതിലമർന്നു. ആ കുഞ്ഞു കണ്ണുകളിലെ വിഷാദം തന്റെ സിരകളെ ചൂടുപിടിപ്പിക്കുന്നതായി അയാളറിഞ്ഞു.

"ബി നെഗറ്റീവ് ബ്ലഡ്, അർജന്റായി ബന്ധപ്പെടുക." തന്റെ കൈകൾ മരവിക്കുന്നതായി അയാൾക്കു തോന്നി. തന്റെ ഓർമകളുടെ ചരടുപൊട്ടി ആ പഴയ ചിത്രങ്ങൾ ചുറ്റും തെറിച്ചു. മാമ്പൂമണവും, കൈതപ്പൂവും കുഞ്ഞിയുടെ പായൽവീണ കണ്ണുകളും തന്റെയുള്ളിൽ ഉറങ്ങിക്കിടപ്പുണ്ടായിരുന്നെന്ന് അപ്പോഴാണ് അയാൾ തിരിച്ചറിഞ്ഞത്. ഒരു ഉൾവിളിയോടെ വണ്ടിയിൽനിന്നിറങ്ങിയപ്പോൾ മുതൽ രോഗം മണക്കുന്ന പച്ചവിരിപ്പിൽ കിടക്കുന്നതുവരെ അയാളുടെ ബോധതലത്തിൽ നാരകങ്ങൾ തളിർക്കുകയായിരുന്നു.

നീണ്ട ഉഴലിനെ പൂർണമാക്കിക്കൊണ്ട് ഒഴുകുന്ന ചുവന്ന തുള്ളികൾ അയാളുടെ കണ്ണിൽ ഗോളാകൃതി പ്രാപിച്ച് കവിളിലേക്ക് ഉരുണ്ടുവീണു. തന്റെ മുന്നിൽ വിടർന്ന കൈക്കുമ്പിളുകൾക്ക് മറുപടി നൽകാൻ തന്റെ ഉൾബോധത്തെ തിരഞ്ഞിട്ടും അയാൾക്കായില്ല. പുറത്ത് ഇടിനാദവും

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

കരയാമ്പൂമരത്തണലിലെ മെത്തയിൽ തന്റെ മകൻ ഒരു വണ്ണാത്തിപ്രാവയുടെ കവിളിൽ തലോടിക്കൊണ്ട് പാടുന്നത് കേട്ട് "മഴപെയ്യുമ്പോ പുറത്തിറങ്ങല്ലേ വാവേ നിനക്ക് പനിക്കും" ഞാൻ ചിരട്ടയപ്പം ചുട്ടുതരാം"...

തന്റെ ഞരമ്പിലെ വരണ്ട മണ്ണിൽ പുതിയ നാമ്പുപടർന്നതായി അയാൾക്കു തോന്നി. കൈയ്യിലെ സ്ക്രീനിൽ മകന്റെ സന്ദേശം വന്നു വിറച്ചപ്പോൾ, ടൈപ്പിങ് ഓപ്ഷനിൽ നിന്നും മലയാളം തിരഞ്ഞെടുത്ത് അയാളെഴുതി.

"അച്ഛൻ വരുന്നു മോനേ! നിനക്കായി അക്ഷരങ്ങളിലൊതുങ്ങാത്ത മുത്തശ്ശിക്കഥകളുമായി"..... ജനലിനപ്പുറം പെയ്യുന്ന വേനൽ തന്റെ ഉള്ളിലെ മണ്ണിനെ തിരയുകയായിരുന്നു.

ജനലിനരികെ മുഖം തിരിച്ചുനിന്ന അയാൾക്കു പിന്നിൽ നിന്ന്, ഹെഡ്സെറ്റ് ഊരിക്കൊണ്ട് ആ വിരലുകൾ പുറത്തേക്കു ചൂണ്ടി — "നോക്കൂ മഴ, നിന്റെ വിഷയം". അയാൾ തന്റെ നാസാരന്ധ്രങ്ങളിൽ നിറഞ്ഞ മണ്ണിന്റെ മണം ആവോളം ശ്വസിച്ചു മന്ത്രിച്ചു

"അതെ, മഴ തന്നെ......"